(സി) 31-3-2010 വരെയുള്ള കുടിശ്ശികയായിട്ടുള്ള അണ്ടർവാല്യുവേഷൻ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാപേർക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

(ഡി) 1-4-2009 തീയതി മുതൽ 31-1-2011 തീയതി വരെ 5, 15, 313 പേർ ടി പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

സബ് രജിസ്ട്രാർ ഓഫീസുകൾ

221 (1691) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ മയ്യിൽ, ചപ്പാരക്കടവ് എന്നീ സ്ഥലങ്ങളിൽ സബ് രജിസ്ട്രാർ ഓഫീസുകൾ ആരംഭിക്കുന്നതിലേക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) എന്നേയ്ക്ക് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) മയ്യിൽ എന്ന സ്ഥലത്ത് 'സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്. ചപ്പാരപ്പടവിൽ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

ന്യായവില നിശ്ചയിക്കാത്തതിനാൽ വസ്തുകൈമാറ്റങ്ങൾക്ക് ഉണ്ടായിട്ടുള്ള തടസ്സം

222 (1692) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടില്ലെന്ന കാരണത്താൽ രജിസ്ട്രേഷൻ നിരസിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം ഒട്ടനവധി രജിസ്ട്രേഷൻ നിരസിക്കപ്പെടുന്നതും അതുവഴി വസ്തുവിന്റെ കൈമാറ്റംതന്നെ സംസ്ഥാനത്ത് നിലച്ചിരിക്കുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പരിശോധിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഒരാധാരത്തിൽ ഉൾപ്പെട്ട് വരുന്ന ഭൂമിയുടെ ന്യായവില നിശ്ചയിക്കപ്പെട്ടില്ല എന്ന കാരണത്താൽ ടി ആധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കാൻ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്, 1908-ലെ രജിസ്ട്രേഷൻ നിയമം പ്രകാരം അധികാരമില്ല.

LIBRARY ARCHIVES Kerala Legislative Assembly